# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ *326

17/12/2015-ന് മറുപടിക്ക്

### കെ.പി.എസ്.സി.വഴിയുള്ള നിയമനങ്ങൾക്ക് ഏകജാലക സംവിധാനം

**ചോദ്യം**

ശ്രീ. പി.എ.മാധവൻ
ശ്രീ.വി.ഡി.സതീശൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.ഹൈബി ഈഡൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.പി.എസ്.സി വഴിയുള്ള നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികൾക്ക് വേണ്ട വിവരങ്ങൾ ഏകജാലക സംവിധാനം വഴി ലഭ്യമാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് വേണ്ടി ഏകജാലകസംവിധാനം പ്രവർത്തിപ്പിക്കുന്നില്ല. എന്നാൽ www.keralapsc.gov.in എന്ന മേൽവിലാസത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് നിലവിലുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സമഗ്ര വിവരങ്ങൾ ഇതിൽ ലഭ്യമാണ്. നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്ക് ആവശ്യമുള്ള വിവരങ്ങൾ ഈ വെബ്സൈറ്റിൽ നിന്നും ലഭ്യമാകും. ടി വിവരങ്ങൾ കാലികമായ പുതുക്കലിനു വിധേയമാക്കുന്നുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) യും (സി) യും | കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതു ഉദ്യോഗാർത്ഥികൾക്കും പൊതു സമൂഹത്തിനും കാലവിളംബം കൂടാതെ ലഭ്യമാക്കുക അതുവഴി സുതാര്യത, കാര്യക്ഷമത, വേഗത എന്നിവ ഉറപ്പുവരുത്തുക എന്നതാണ് വെബ്സൈറ്റിന്റെ ലക്ഷ്യം. ഇത് കൂടാതെ, വ്യക്തിഗത വിവരങ്ങൾ നൽകുന്നതിനായി Call Centre പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ